ST THOMAS FORANE PARISH BULLETIN

# സാന്തോം മെസഞ്ചർ

# SANTHOME MESSENGER

Vol: 48 / Issue: 4 Sept.-Oct. 2022



ജപമാല രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

ST THOMAS DIOCESAN PILGRIM CENTRE

Bluepen

COMPLETE
MEDICAL SUBJECTS
LEARNING



- MBBS
- BDS
- MDS
- PG-Doctor
- BAMS
- NURSING
- BHMS

- Interactive Tuitions – Anticipated University Exam Paper (70% Predicted Questions)
- Paper Evaluation & Guidance to score well - Doctor's Notes.
- Conceptual Learning - Exam Oriented Sessions.
- The Best way to connect with Doctors & Learn.

www.BluepenOnline.com
+91 - 63 6631 1818 +91 - 81 0504 2828

HAVE YOU PLANNED FOR YOUR CHILD'S FUTURE?





LOOKING FOR A MONTHLY INCOME?

Invest in mutual funds through
SWP (Systematic Withdrawal Plan)

₹1 LAKH INVESTED IS NOW WORTH ₹1.03 CRORE!!

Rs. 1 Lakh invested in HDFC Balanced Advantage Fund is now worth Rs.1.03 Cr. As on Sep 30,2021. Assuming the investment is made on February 01, 1994 (Scheme Inception date). Past performance may or may not be sustained in the future.



For more details Contact

SAVINGS RATIO

AMFI REGISTERED MUTUAL FUND DISTRIBUTOR

8147790096
savingsratio@gmail.com
www.savingsratio.com

സാന്തോം മെസഞ്ചർ
SANTHOME MESSENGER
St Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029
Vol: 48 / Issue: 4 / Sept. - Oct 2022

# CONTENTS

| | |
|---|---|
| ഇടയനാദം | 02 |
| Message | 03 |
| Editorial | 04 |
| Trustees' Desk | 05 |
| Church News | 08 |
| Diocese News | 10 |
| Photo Gallery | 11 |
| ഇടവക വാർത്തകൾ | 22 |
| Upcoming Events | 27 |
| Youth Corner | 28 |
| Catechism Corner | 29 |

Editorial Board

**Printed & Published by**
Rev. Fr. Cyriac Madathil CMI
Vicar, St. Thomas Forane Church
Mob. : 9605963021

**Chief Editor**
Fr Jithu Thottiyil CMI
Asst. Vicar
Mob. : 7012525386
E-mail : jithucmi@gmail.com

**Associate Editor**
Fr Lijo Thekkanathu CMI
Asst. Vicar
Mob. : 9746805457
E-mail : lijotcmi@gmail.com

**Editorial Board**
Mrs. Sweetha Mary Rejy
Mrs. Prameela Varghese
Mrs. Mini Thomas
Mr. Joy Kottackal
Mr. Anil Joy (Trustee in Charge)

**Layout Design & Printing**
Matha Printers
Tel : 9886809060
E-mail : mathaprints@gmail.com



# ഇടയനാദം

ഫാ. സിറിയക് മഠത്തിൽ സി. എം. ഐ.
ഫൊറോന വികാരി

### ചെറുപുഷ്പത്തോടൊപ്പം

ഒക്ടോബർ ഒന്നിന് വി. കൊച്ചുത്രേസ്യയുടെ തിരുനാൾ നാം ആചരിക്കുകയുണ്ടായി. മലയാളത്തിൽ 'നവമാലിക' എന്ന പേരിൽ വിവർത്തനം ചെയ്ത 'ഒരു പനിനീർപൂവിന്റെ വസന്തകാലചരിത്രം' എന്ന വി. കൊച്ചുത്രേസ്യയുടെ സ്വയംകൃത ചരിത്രത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു കാര്യമുണ്ട്:

കൊച്ചുത്രേസ്യയുടെ 24 വർഷത്തെ ജീവിതം പ്രാർത്ഥനയുടേതായിരുന്നു. മാതൃകാപരമായ കുടുംബജീവിതം നയിച്ച മാതാപിതാക്കൾ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർന്നുവന്ന സഹോദരിമാർ പുണ്യങ്ങളുടെ വിളഭൂമിയായ ഒരു വിശുദ്ധ കുടുംബം ഇതായിരുന്നു വി. കൊച്ചുത്രേസ്യയെ വിശുദ്ധിയിലേക്ക് നയിച്ച ആദ്യഘടകം. നമ്മുടെ മക്കളെയും കുടുംബജീവിതങ്ങളെയും വിലയിരുത്താൻ വി. കൊച്ചുത്രേസ്യ നൽകുന്ന അവസരമാണ് ഈ ഒക്ടോബർ.

### ജപമാലരാജ്ഞിക്കൊപ്പം

സുവിശേഷ സമാഹാരം എന്നാണ് ജപമാലയെ വി. പോൾ ആറാമൻ പാപ്പ വിശേഷിപ്പിച്ചിരിക്കുന്നത്. ഒക്ടോബർ മാസത്തിലെ ജപമാല വണക്കം കേരള ക്രൈസ്തവർ നെഞ്ചിലേറ്റിയ വിശ്വാസ പാരമ്പര്യമാണ്. സ്വന്തം ഇഷ്ടങ്ങളെ പരിത്യജിച്ച് ദൈവേഷ്ടത്തിന് അടിയറവ് വച്ചപ്പോഴാണ് പരിശുദ്ധ അമ്മ സ്ത്രീകളിൽ വച്ച് അനുഗ്രഹീതയായത്.

സാത്താന്റെ തല തകർത്തവളുടെ (വെളി. 12) സാന്നിദ്ധ്യം നമുക്ക് തരുന്ന ജപമാല 'ഫാഷനല്ല' മറിച്ച് നമുക്ക് 'പാഷനാക്കാം'.

### മിഷൻ ഞായർ

ആഗോളസഭയുടെ മിഷനറി പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നതിനും സഹായിക്കുന്നതിനുമായി മാറ്റിവച്ചിരിക്കുന്ന ദിവസമാണ് ഒക്ടോബർ അവസാന ഞായർ. മിഷൻ പ്രവർത്തനങ്ങളിലേർപ്പെടുന്ന നിരവധി സമർപ്പിതരും വൈദികരും അൽമായരും കൊല്ലപ്പെടുന്ന വാർത്തകൾ അനുദിനം കൂടിവരുന്ന കാലമാണ്. തീവ്രവാദികൾ ക്രൈസ്തവ മിഷനറിമാരെ ഉന്മൂലനം ചെയ്യുന്നു. നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളും സഹായ സഹകരണങ്ങളും സഭയുടെ മിഷനറി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ ഇടയാകട്ടെ.

# WHY DO THE ROSARY BEADS MATTER TO A CHRISTIAN?




"Among all the devotions approved by the Church, none has been favoured by so many miracles as the devotion of the most Holy Rosary"- Pope Pius IX

The month of October has been incredibly dedicated to the devotion of mamma Mary. It is a spring season for Christian virtues. Our Parish has been celebrating the solemn rosary at parish and ward levels to boost the spiritual stamina of our generation. Arch Bishop Fulton J Sheen reminds us that "The Rosary is the best therapy for these distraught, unhappy, fearful, and frustrated souls, precisely because it involves the simultaneous use of three powers: the physical, the vocal, and the spiritual, and in that order." we may face many difficult situations in our daily lives, and rosary will keep us from all evil. If there were one million families praying the Rosary every day, the entire world would be saved. So, let's come together near our mamma Mary, with deep devotion and trust in her motherly love.

October is specially dedicated to the mission ministries of the Catholic Church. As we are celebrating Syro Malabar Mission month, let us pray for all missionaries of the Church. Let's us offer our best for all mission activities to spread the gospel in this post-truth era. It is our duty to live the church's missionary spirit through each individual. St. Thomas Parish, as the first parish outside Kerala in the Syro Malabar Church, has a very special responsibility to bring up our coming generation in the spirit of the mission approach of the Church. What we are here is the result of the great CMI missionaries of our great past. So let us become the ambassadors of the mission of the Church.

St. Thomas catechism unit could keep up the legacy of excellence in our Forane Bible Kalotsavam this time proudly. Our parish bagged the overall championship in the kalotsavam. I appreciate all catechism staff, students and all well-wishers in this success. Let our children may spread the gospel values through their talents, presence and their very lives in such events again.

Let us celebrate our Christian values and life through the rosary, mission activities and our lives. May the maternal care of Mamma Mary ignite our paths to eternity.

Fr. Lijo Thekkanath CMI
Asst. Parish Priest & Catechism Director

EDITORIAL

# തേഞ്ഞ പാദങ്ങളും മുറിയപെട്ട ഹൃദയവും

ഒരാൾ ഈ ലോക യാത്രയ്ക്കുശേഷം സ്വർഗ്ഗകവാടത്തിൽ എത്തുമ്പോൾ ദൈവത്തിന്റെ മാലാഖ കരുണാർദ്രതയോടെ തന്നെ അയാളുടെ പാദങ്ങളും ഹൃദയവും പരിശോധിക്കും. തേഞ്ഞ പാദങ്ങളും തുളവീണ ഹൃദയവുമുള്ളവനെ മാലാഖ സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കും. സ്വർഗ്ഗവഴിയിലെ പാദങ്ങളെല്ലാം തേഞ്ഞുപോയ പാദങ്ങളാണ്. എല്ലാവർക്കും എല്ലാമായി ഓടി നടന്നു തേഞ്ഞ പാദങ്ങൾ.

ജീവിതത്തിൽ രണ്ടു ചോയ്സ് ഉണ്ട്. ഒന്നുകിൽ സ്വർഗ്ഗത്തിന്റെ സ്വസ്ഥതയിൽ ജീർണ്ണിച്ചില്ലാതാകും. അല്ലെങ്കിൽ നിസ്വാർത്ഥത്തിന്റെ അസ്വസ്ഥതയിൽ തേഞ്ഞില്ലാതാകും. ചില ജീവിതങ്ങൾ ഇങ്ങനെയാണ്. മറ്റുള്ളവർക്കുവേണ്ടി തേഞ്ഞ് ഇല്ലാതാകുന്നു. ഒക്ടോബർ ഒന്നാം തിയതി വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി തന്റെ കൊച്ചു പ്രവൃത്തികൾപോലും കാഴ്ചവച്ച് സ്വർഗ്ഗീയ ആനന്ദം അനുഭവിച്ച വിശുദ്ധ. ഒക്ടോബർ 4-ാം തിയതി വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ. ഒരിക്കൽ ഒരാൾ ഫ്രാൻസീസ് അസ്സീസിയോടു ചോദിച്ചു "ഇത്രമാത്രം ഓടിനടന്നു വേല ചെയ്യണോ" എന്ന്. അതിനു മറുപടിയായി അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്. "തുരുമ്പെടുത്തു തീരുന്നതിലും നല്ലത് തേഞ്ഞു തീരുന്നതല്ലേ, ഈശോയ്ക്കുവേണ്ടി ഞാൻ തേഞ്ഞില്ലാതാവും."

ഒക്ടോബർ മാസം ജപമാല മാസമായി നാം ആചരിക്കുന്നു. പരിശുദ്ധ അമ്മയുടെ ഒപ്പം നടന്ന് യേശുവിലേയ്ക്ക് നടന്നടുക്കുന്ന മാസം. ദൈവഹിതത്തിന് ആമ്മേൻ പറഞ്ഞു കൊണ്ട് മനുഷ്യ കുലത്തിനുവേണ്ടി തേഞ്ഞ് ഇല്ലാതായവൾ. നമ്മുടെ ജീവിതവും മറ്റുള്ളവർക്കുവേണ്ടി മുറിയപ്പെടുവാനും തേഞ്ഞു തീരുവാനും ഇടയാകണം.

സ്നേഹിക്കുന്നവന്റേത് മുറിഞ്ഞ ഹൃദയമാണ്. നിറയെ തുളവീണ് ഇപ്പോഴും ചോരയും വെള്ളവും ഒഴുകുന്ന സുന്ദരമല്ലാത്തൊരു ഹൃദയം. മുറിഞ്ഞ ഹൃദയം നോക്കി മാലാഖമാർ പറയും "മുറിഞ്ഞ ഹൃദയമേ, നിന്റെ മുറിവാണ് സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി. നിന്റെ മുറിവിലൂടെ പാട്ടൊഴുകിയിറങ്ങി നിന്റെ മുറിവിലൂടെ പുഴയൊഴുകിയിറങ്ങി നിന്റെ മുറിവിലൂടെ ഒരു പാടുപേർ സ്വർഗ്ഗം നോക്കിക്കണ്ടു."

മറ്റുള്ളവർക്കുവേണ്ടി തേഞ്ഞില്ലാതായ പാദങ്ങളും മുറിയപ്പെട്ട ഹൃദയവും ഉണ്ടാകാൻ നമുക്ക് പ്രാർത്ഥിക്കാം. ജപമാല മാസത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്നാശംസിക്കുന്നു..



**Fr Jithu Thottiyil CMI**
Asst. Vicar

# TRUSTEES' DESK

ഒക്ടോബർ മാസം നമ്മളെ സംബന്ധിച്ചിടത്തോളം ഒത്തിരി സന്തോഷം നൽകുന്ന മാസമാണ്. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാമറിയത്തിന്റെ ജപമാലമാസം 10 ദിവസം ദേവാലയത്തിൽ ജപമാലയും 10-ാം ദിവസം ആഘോഷമായ ജപമാല പ്രദിക്ഷണവും അതിനുശേഷം വാർഡുകളിൽ 10 ദിവസത്തെ ജപമാല. എല്ലാവർക്കും മാതാവിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

നമ്മുടെ പള്ളി, നമ്മുടെ കൃപാലയ എന്ന Theme ലൂടെയാണ് സെപ്റ്റംബർ മാസം കൃപാലയ മാസമായി നമ്മൾ ആചരിച്ചത്. നമ്മുടെ ഇടവകയെ സംബന്ധിച്ചിടത്തോളം നമ്മുടെ ഏറ്റവും വലിയ ശക്തികേന്ദ്രവും അനുഗ്രഹവും സെന്റ് ചാവറ കൃപാലയ ആണ്. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവരെ നമ്മുടെ സ്വന്തമാക്കി പരിപാലിക്കുന്ന സ്ഥലം. സെപ്റ്റംബർ 17-നു കൃപാലയ ഡേ നമ്മൾ മനോഹരമായി ആഘോഷിച്ചു. കൃപാലയയ്ക്കുവേണ്ടി സഹായിക്കുന്ന സഹകരിക്കുന്ന എല്ലാവരേയും ഒത്തിരി നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ സ്നേഹത്തിന്റെയു,ം ഐക്യത്തിന്റെയും, ഒത്തൊരുമയുടെയും ആഘോഷമായ ഓണം സംഘടനകളുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഈ വർഷത്തെ വാഹന വെഞ്ചരിപ്പും ഭംഗിയായി നടന്നു. ബേസിക് ഹെൽത്ത് ചെക്കപ്പും മാസത്തിലെ ആദ്യ ഞായറാഴ്ച നടന്നു വരുന്നു. നേതൃത്വം നൽകുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ. സെപ്റ്റംബർ മാസത്തെ 8 നോമ്പിന്റെ ദിവസങ്ങൾ ജപമാലയിലും വി. കുർബ്ബാനയിലും പങ്കാളിത്തം കൂടുതലുണ്ടായിരുന്നു. ലോഗോസ് ബൈബിൾ ക്വിസ് റെക്കോർഡ് ആളുകൾ പങ്കെടുത്തു. നമ്മുടെ ദേവാലയത്തിലെ ഭക്തസംഘടനകളും വാർഡ് പ്രവർത്തങ്ങളും പൂർവ്വാധികം ഭംഗിയായി നടക്കുന്നു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

ഒക്ടോബർ 23-നു മിഷൻ സൺഡേ കൂടുതൽ ഭംഗിയായി ആചരിക്കുന്നു. അതു പോലെ തന്നെ നവംബർ 2-ാം തിയതി സകല മരിച്ചവരെയും നമ്മൾ ഓർക്കുന്ന ദിനം നമ്മുടെ സിമിത്തേരി വെഞ്ചരിക്കപ്പെട്ടതിനുശേഷം ആദ്യമായി നമ്മൾ ആചരിക്കുന്നു. നമ്മളെ നമ്മളാക്കിയ പൂർവ്വികരെ നമുക്കോർക്കാം. മരണംമൂലം നമ്മിൽ നിന്നു വേർപെട്ടുപോയ എല്ലാവരേയും നമുക്കോർക്കാം. നവംബർ 6-നു നമ്മുടെ ഇടവക തിരുനാളിന്റെ ഒരുക്കത്തിനായുള്ള പൊതുയോഗം ഉണ്ട്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.


നമുക്കൊന്നുചേർന്നു നമ്മുടെ ഇടവകയുടെയും ഇടവകാംഗങ്ങളുടെയും ക്ഷേമത്തിനായി പ്രവർത്തിക്കാം. എല്ലാവർക്കും മാതാവിന്റെ അനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.


Mr Biju George
(Chief Trustee)


Mr Anil Joy
(Trustee)


Mr Biju M.K.
(Trustee)


Mr Dixon
Arangassery(Trustee)


Mr Mathew K Joseph
(Trustee)


Mr Vijeesh Lazar
(Trustee)



Femi Alex

## നിശബ്ദമായി വിശുദ്ധിയെ പിന്തുടരുന്നവർ

# അമ്മ വിശുദ്ധർ

അമ്മ എന്ന വാക്കിന് ഒരുപാട് അർത്ഥങ്ങളുണ്ട്. ആദ്യം ഉച്ചരിച്ച വാക്ക്, ആദ്യമായി കണ്ണിലും മനസ്സിലും തെളിഞ്ഞ മുഖം, മുലപ്പാൽ മധുരവും പിന്നെ ഇഷ്ട രുചികളും വയറും മനസ്സുമറിഞ്ഞ് വിളമ്പുന്നൊരാൾ, മനസ്സിലുള്ളത് വാക്കുകളില്ലാതെ വായിച്ചെടുക്കുന്ന ഒരാൾ, ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും കൃത്യമായി തിരിച്ചറിയുന്ന ആൾ, നിസ്വാർത്ഥ സ്നേഹത്തിന്റെ ആൾരൂപം. ഇവയോരോന്നും നമ്മുടെ വ്യക്തി ജീവിതത്തിലെ പല കാലഘട്ടങ്ങളെയും മനസ്സിലേക്ക് എത്തിക്കും.

നാമെല്ലാവരും വൈകാരികമായി ഏറെ ചേർത്തു നിർത്തുന്ന അമ്മയെപ്പോലെ തന്നെ മാതൃത്വത്തിന്റെ ധന്യതയിൽ മഹത്തായ ദൈവസ്നേഹം ചാലിച്ച് ഉദാത്തമായ ജീവിത ചിത്രങ്ങൾ തുന്നിച്ചേർത്ത നിരവധി അമ്മമാരാൽ സമ്പന്നമാണ് നമ്മുടെ സഭ.

പരിശുദ്ധ അമ്മയില്ലാതെ സഭയില്ല. ആ അമ്മയുടെ സ്നേഹത്തിന്റേയും, സഹനത്തിന്റെയും, ആത്മ സമർപ്പണത്തിന്റെയും പ്രതിഫലനമാണ് നാം അഭിമാനിക്കുന്ന നമ്മുടെ സഭ. ഈശോയുമായി ഈ ഭൂമിയിൽ ഇത്രത്തോളം ബന്ധപ്പെട്ടിരിക്കുന്ന മറ്റൊരാളില്ല. ആത്മാവോടും ശരീരത്തോടും കൂടെ ദൈവികമായ പദ്ധതിക്ക് സ്വയം സമർപ്പിച്ച പരിശുദ്ധ അമ്മ വിശ്വാസ പ്രഘോഷണത്തിന്റെ ഏറ്റവും ഉദാത്ത മാതൃകയാണ്. വിശ്വാസത്തിൽ അവൾ നമ്മുടെ അമ്മയുമാണ്. ഈ മാതൃസ്നേഹത്തിലേക്ക് നമ്മെ ചേർത്തു നിർത്തുന്നത് സുവിശേഷങ്ങളുടെ സംഗ്രഹമായ ജപമാലയിലൂടെയാണ്.

പരിശുദ്ധ അമ്മയെപ്പോലെ സ്വയം സമർപ്പണത്തിലൂടെ വിശുദ്ധിയുടെ വിജയ കിരീടമണിഞ്ഞ നിരവധി അമ്മമാരാൽ സമ്പന്നമാണ് നമ്മുടെ സഭ. അസാധാരണമായ ക്രൈസ്തവ സാക്ഷ്യവും

ദൈവ പരിപാലനയിലുള്ള അടിയുറച്ച ആശ്രയത്വവും കൈമുതലാക്കി അനേകരെ ദൈവികതയിലേക്ക് നയിക്കാനുള്ള പ്രകാശമായി സ്വയം മാറിയ അമ്മമാരിൽ ചിലർ ഇവരൊക്കെയാണ്.

### വിശുദ്ധ സെലി ഗ്വെരിൻ മാർട്ടിൻ

സാധാരണക്കാരിൽ സാധാരണക്കാരിയായ സെലി എന്ന വീട്ടമ്മയെ വിശുദ്ധിയിലേക്ക് നടന്നുകയറാൻ സഹായിച്ചത് ഇവരുടെ മനോഹരമായ മാതൃത്വമാണ്. വി. കൊച്ചുത്രേസ്യായുടെ അമ്മയായ വി. സെലി ഗ്വെരിൻ മാർട്ടിനും ഭർത്താവ് വി. ലൂയി മാർട്ടിനും വിവാഹിതർക്ക് പിന്തുടരാവുന്ന മാതൃകാദമ്പതിമാരാണ്. സഭയുടെ ചരിത്രത്തിൽ ഒരുമിച്ചു വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്ന ആദ്യത്തെ ദമ്പതിമാരാണ് ഇവർ.

ഇവർ ജന്മമേകിയ 9 മക്കളിൽ 5 പെണ്മക്കളാണ് ജീവിച്ചിരുന്നത്. വി. കൊച്ചുത്രേസ്യായുൾപ്പെടെ അഞ്ചു പേരും സന്യാസിനിമാരായി. 2015 ഒക്ടോബർ 18നു ഫ്രാൻസിസ് മാർപാപ്പയാണ് ഇരുവരെയും വിശുദ്ധരായി പ്രഖ്യാപിച്ചത്. ധനത്തേക്കാൾ ധാർമ്മികമൂല്യങ്ങൾക്കു വിലകൊടുത്ത ഒരു മനോഭാവമായിരുന്നു മാർട്ടിൻ സെലി കുടുംബത്തിന്റേത്. എത്ര തിരക്കിനിടയിലും രാവിലെയുള്ള ദിവ്യബലിയിൽ സംബന്ധിക്കുന്നതും, രാവിലെയും വൈകുന്നേരവുമുള്ള കുടുംബപ്രാർത്ഥനയും ഇവരുടെ പതിവായിരുന്നു. ദൈവം എന്ന വാക്കാണ് ആദ്യം ഉച്ചരിക്കാൻ അമ്മ തന്നെ പഠിപ്പിച്ചത് കൊച്ചുത്രേസ്യാ പറഞ്ഞിട്ടുണ്ട്.

നമ്മുടെ കുഞ്ഞുങ്ങളെ നന്നായി സ്നേഹിക്കുക, പരിചരിക്കുക, അവർക്ക് ദൈവത്തെ കാണിച്ച് കൊടുക്കുക. അവരിലൂടെയുള്ള ദൈവിക പദ്ധതികൾക്കായി കാത്തിരിക്കുക എന്നതാണ് വി. സെലി കാണിച്ചു തന്ന ജീവിത മാതൃക.

### വിശുദ്ധ ജിയന്ന ബെരേറ്റാ മോള

ജിയന്നയുടെ കാനോനൈസേഷൻ ചടങ്ങിനിടെ, ജോൺ പോൾ രണ്ടാമൻ അവളെ വിശേഷിപ്പിച്ചത്, 'ലളിതവും എന്നാൽ എന്നത്തേക്കാളും, ദിവ്യസ്നേഹത്തിന്റെ ശ്രദ്ധേയമായ ഒരു ദൂതൻ' എന്നാണ്.

അക്കാഡമിക് ജീവിതത്തിലും വിശ്വാസ ജീവിതത്തിലും ജാഗ്രതയും കഠിനാധ്വാനവും മുഖമുദ്രയാക്കിയ ജിയന്ന ഭാര്യ, അമ്മ, ശിശുരോഗ വിദഗ്ദ എന്നീ നിലകളിൽ മികച്ച മാതൃകയാണ്. ഡോക്ടറായിരുന്ന അവൾ നാലാമത്തെ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കെ കാൻസർ ബാധിതയായി. കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ ഡോക്ടർമാർ അബോർഷനാണ് നിർദ്ദേശിച്ചത്. പക്ഷേ, ഉദരത്തിൽ വളരുന്ന ജീവൻ അവഗണിച്ച് സ്വന്തം ജീവൻ സംരക്ഷിക്കേണ്ടതില്ല എന്ന് അവൾ തീരുമാനിച്ചു. നാലാമത്തെ കുഞ്ഞ് ഇമ്മാനുവേലയ്ക്ക് ജന്മം നൽകി ജിയന്ന ദൈവസന്നിധിയിലേക്ക് യാത്രയായി. ജിയന്നയുടെ മദ്ധ്യസ്ഥതയിൽ ധാരാളം അത്ഭുതങ്ങൾ നടന്നു. ജോൺ പോൾ രണ്ടാമൻ പാപ്പ 1994 ഏപ്രിൽ 24നു ജിയന്നയെ വാഴ്ത്തപ്പെട്ടവളായും 2004 മെയ് മാസം പതിനാറാം തീയതി വിശുദ്ധയായും പ്രഖ്യാപിച്ചു. പിറക്കപ്പെടാതെ പോകുന്ന കുഞ്ഞുങ്ങളുടെ മധ്യസ്ഥയായി സഭ ജിയന്നയെ ആദരിക്കുന്നു.

### വിശുദ്ധ മോനിക്ക

നിശബ്ദമായ മാർഗ്ഗങ്ങളിലൂടെ പുരാതന സഭയിൽ സ്വാധീനം ചെലുത്തിയ പുണ്യവതികൾക്കൊരുദാഹരണമാണ് വിശുദ്ധ മോനിക്ക. തന്റെ കണ്ണുനീരും പ്രാർത്ഥനകളും വഴി വിശുദ്ധ, മഹാനായ അഗസ്റ്റിനെ തിരുസഭക്ക് നല്കുകയും, അതുമൂലം ഭൂമിയിലെ ദൈവരാജ്യത്തിന്റെ ചരിത്രത്തിൽ തന്റേതായ ഒരു സ്ഥാനം നേടുകയും ചെയ്തു.

എന്റെ അമ്മയുടെ സ്നേഹത്തെപ്പറ്റി വിവരിക്കാൻ എനിക്കു വാക്കുകളില്ല. ഒരു നോട്ടം കൊണ്ട്, ഒരു വാക്കുകൊണ്ട് നമ്മുടെ ഹൃദയത്തെ ദൈവത്തിങ്കലേക്കു തിരിക്കാൻ അമ്മയ്ക്കു കഴിഞ്ഞിരുന്നു. ഓ ദൈവമേ, ഞാൻ അങ്ങയുടെ മകനായിരിക്കുന്നത്, അങ്ങ് എനിക്ക് ഇങ്ങനെയൊരു അമ്മയെ തന്നതുകൊണ്ടാണ്. എന്നാണ്

### വിശുദ്ധ അഗസ്റ്റിൻ അമ്മയെക്കുറിച്ച് പറഞ്ഞത്.

എല്ലായിടത്തും ദൈവത്തിന്റെ കരങ്ങൾക്ക് എത്തിച്ചേരാൻ പറ്റാത്തതുകൊണ്ടു മാതാക്കളെ സൃഷ്ടിച്ചെന്നു രവീന്ദ്രനാഥ ടാഗോർ പറഞ്ഞിട്ടുണ്ട്. ഈ വാക്കുകൾ അന്വർത്ഥമാക്കുന്ന അനേകം അമ്മമാർ നമുക്ക് ചുറ്റുമുണ്ട്. വിശുദ്ധിയിലേക്ക് തന്റെ ചുറ്റുമുള്ളവരെ വഴി നടത്തിക്കൊണ്ട് നിശബ്ദമായി വിശുദ്ധിയെ പിന്തുടരുന്നവർ. അവർ സാധാരണ സ്ത്രീകളാണ്, പക്ഷേ ''അമ്മ'' എന്ന വാക്കിൽ അവർ അവരെ മറക്കുന്നു, അവർ ആ വാക്കായി മാറുന്നു

# CHURCH



### പൊതുദർശനത്തിൽ പരിശുദ്ധ പിതാവിന്റെ അഭ്യർത്ഥന

#### ഈ ലോകമഹായുദ്ധം നമുക്ക് നിർത്താം

''നാം ഇന്ന് ജീവിക്കുന്നത് ഒരു ലോകയുദ്ധത്തിലൂടെയാണ്, ദയവായി നമുക്കിത് നിർത്താം!'' സെപ്റ്റംബർ 7 ബുധനാഴ്ച രാവിലെ നടന്ന പൊതുദർശനത്തിൽ ഫ്രാൻസിസ് മാർപാപ്പ അഭ്യർത്ഥിച്ചു. വേർതിരിച്ചറിയലിനെക്കുറിച്ചുള്ള പ്രബോധനത്തിനൊടുവിൽ, മുതിർന്നവർ, യുവജനങ്ങൾ, രോഗികൾ, നവദമ്പതികൾ എന്നിവരെ അഭിസംബോധന ചെയ്തശേഷം, ഉക്രൈനെക്കുറിച്ച് മാർപാപ്പ ചിന്തിക്കുകയായിരുന്നു: ''നമ്മുടെ കാലത്തെ യുദ്ധരംഗം കാണുമ്പോൾ, സമാധാനത്തിന്റെ സ്ഥാപകരാകാൻ ഞാൻ നിങ്ങളോടോരോരുത്തരോടും അഭ്യർത്ഥിക്കുകയാണ്; സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും ചിന്തകളും പദ്ധതികളും ലോകമെമ്പാടും വ്യാപിക്കണമേയെന്ന് പ്രാർത്ഥിക്കാൻ'' മാർപാപ്പ പറഞ്ഞു.

### ത്രികാലജപത്തിലെ അഭ്യർത്ഥന

#### യുദ്ധം പിച്ചിച്ചീന്തിയ ഉക്രൈനുവേണ്ടി പ്രാർത്ഥിക്കാം

വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ ചത്വരത്തിൽ ജോൺപോൾ ഒന്നാമൻ മാർപാപ്പയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതിനു ശേഷം, ത്രികാലജപത്തിനു മുൻപായി ഫ്രാൻസിസ് മാർപാപ്പ, ആഘോഷത്തിനെത്തിയ വൈദികർക്കും രാഷ്ട്രനേതാക്കൾക്കും നന്ദിയർപ്പിച്ചു. ''ലോകത്തുടനീളം സമാധാനത്തിനായി, പ്രത്യേകിച്ചും യുദ്ധം പിച്ചിച്ചീന്തിയ ഉക്രൈനുവേണ്ടി പ്രാർത്ഥിക്കാൻ'' മാർപാപ്പ വിശ്വാസികളോടഭ്യർത്ഥിച്ചു. ഉക്രൈനിലെ രക്തസാക്ഷികൾക്കുവേണ്ടി നിശബ്ദരായി പ്രാർത്ഥിക്കാൻ മാർപാപ്പ വീണ്ടും ആഹ്വാനം ചെയ്തു. ഉക്രൈൻ ജനത കാടത്തത്തിനും പൈശാചികതയ്ക്കും പീഡനത്തിനും ഇരയാകുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

#### ജോൺപോൾ ഒന്നാമൻ മാർപാപ്പ സുവിശേഷത്തിന്റെ സാരം

1978 ഓഗസ്റ്റ് 26 ന് മാർപാപ്പയാവുകയും, ഇപ്പോൾ, 44 വർഷങ്ങൾക്കു ശേഷം, വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തപ്പെടുകയും ചെയ്ത ജോൺപോൾ ഒന്നാമന്റെ വിശുദ്ധി, തന്റെ ജീവിതത്തിന്റെ ഓരോ പടവിലും ദൈവത്തിൽ വിശ്വാസമർപ്പിക്കുകയും, തന്നെത്തന്നെ ദൈവത്തിനു ഭരമേല്പിക്കുകയും ചെയ്ത ഒരു മനുഷ്യന്റെ ലളിതമായ കഥയാണ്.

#### പരിശുദ്ധപിതാവിന്റെ സെപ്റ്റംബർ മാസത്തിലെ പ്രാർത്ഥനാനിയോഗം വധശിക്ഷ റദ്ദാക്കാൻ

''മനുഷ്യ വ്യക്തിയുടെ അന്തസിനെ ആക്രമിക്കുന്ന വധശിക്ഷ എല്ലാ രാജ്യങ്ങളിലും നിയമപരമായി റദ്ദാക്കണം''. സെപ്റ്റംബർ മാസത്തിലെ ഫ്രാൻസിസ് മാർപാപ്പയുടെ പ്രാർഥനാനിയോഗമാണിത്.



# NEWS

## ലോക യുവജനദിനത്തിനുള്ള പരിശുദ്ധ പിതാവിന്റെ സന്ദേശം

### യുവജനങ്ങൾ മറിയത്തെപ്പോലെ തിടുക്കത്തിൽ മറ്റുള്ളവരിലേക്കു പോകണം

2022–2023 ലെ മുപ്പത്തിയേഴാമത് ലോക യുവജനദിനത്തിനുള്ള ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശം പ്രസിദ്ധീകരിച്ചു. 2023–ൽ ലിസ്ബണിൽ നടക്കുന്ന യുവജനദിനസന്ദേശത്തിൽ, പരിശുദ്ധ കന്യകാമറിയത്തിന്റെ കാലടിപ്പാടുകൾ പിന്തുടരാനും, യേശുവിനുവേണ്ടി ജീവിതം സമർപ്പിച്ച് മറ്റുള്ളവരിലേക്ക് തിടുക്കത്തിൽ പോകാനും മാർപാപ്പ യുവജനങ്ങളെ ആഹ്വാനം ചെയ്തു.

### മെത്രന്മാരുടെ സിനഡ്

2021 ൽ ആരംഭിച്ച 'സിനഡാത്മക സഭയെക്കുറിച്ചുള്ള മെത്രന്മാരുടെ സിനഡ് 2024 ഒക്ടോബറിൽ നടക്കുന്ന സിനഡ് സമ്മേളനത്തോടെയേ സമാപിക്കൂ എന്ന് ഫ്രാൻസിസ് മാർപാപ്പ. ഞായറഴ്ചത്തെ പൊതുസന്ദർശനവേളയിൽ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ വിശ്വാസികളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുടുതൽ വിവേചനപൂർണമായി ദൈവഹിതം തിരിച്ചറിയുന്നതിന് ഒരു വർഷംകൂടി നീട്ടിയ സിനഡ് പ്രക്രിയ ഉതകുമെന്നാണു വിലയിരുത്തൽ. സിനഡിന്റെ ആദ്യ സമ്മേളനം 2023 ഒക്ടോബർ 4 മുതൽ 29 വരെയും രണ്ടാം സമ്മേളനം 2024 ഒക്ടോബറിലും നടക്കും.

## Peace is possible when weapons are silenced and dialogue begins

After the Angelus on Sunday, 18 September, Pope Francis prayed for "the suffering people of Ukraine" and for the victims of recent fighting between Azerbaijan and Armenia, reminding the faithful gathered in Saint Peter's Square that "peace is possible when weapons are silenced and dialogue begins". Earlier, the Pope had reflected on the parable about the corrupt manager from Luke's Gospel, encouraging the faithful to use material goods not for selfish interests, but "to create friendships, to create good relationships, to act with charity, to promote fraternity and to show care for the weakest".

This therefore, is Jesus' invitation: do not use the goods of this world only for yourselves and for your selfishness, but use them to create friendships, to create good relationships, to act with charity, to promote fraternity and to show care for the weakest.

Let us pray to the Blessed Virgin Mary so that she may help us be, like herself, poor in spirit and rich in works of charity for one another.

# DIOCESE NEWS

## വൈദികരുടെ ധ്യാനവും വൈദിക സമിതി യോഗവും

രൂപതയിൽ ജോലി ചെയ്യുന്ന വൈദികർക്ക് വേണ്ടിയുള്ള ധ്യാനം ബാംഗ്ലൂർ അതിരൂപതയുടെ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ബഹുമാനപ്പെട്ട വിൻസെന്റ് കുണ്ടുകുളം അച്ചൻ നയിച്ച ധ്യാനത്തിൽ 45 വൈദികർ പങ്കെടുത്തു. ധ്യാനത്തിനിടയിൽ അഭിവന്ദ്യ പീറ്റർ മച്ചാഡോ പിതാവ് അച്ചന്മാർക്ക് സന്ദേശം നല്കാനെത്തിയിരുന്നു.

സെപ്തംബർ 16 ന് വൈദികസമിതി യോഗം ഉച്ചക്ക് 2 മണിക്ക് ആരംഭിച്ചു 5 മണിയോടെ അവസാനിച്ചു.

## ആലോചനാ സമിതി യോഗം

രൂപതാ ആലോചനാ സമിതിയുടെ രണ്ടാമത് യോഗം ഹുളിമാവ് സാന്തോം പള്ളിയിൽ വച്ച് സെപ്റ്റംബർ 29 ന് ചേരുകയുണ്ടായി.

## പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

രൂപതയുടെ പുതിയ പാസ്റ്ററൽ കൗൺസിൽ നവംബർ 26 ന് രൂപീകൃതമാകുന്ന രീതിയിൽ ഇടവക ഫൊറോനാ രൂപത തലങ്ങളിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാപനം പുറത്തിറങ്ങി.

## ഇടവകകളുടെ അതിർത്തി നിർണ്ണയം

പുതിയ ഇടവകകൾ രൂപീകൃതമാവുകയും നിലവിലുള്ള ഇടവകകൾ തമ്മിൽ അജപാലന അതിർത്തികളെ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുകയും ചെയ്യുന്നതിന് വേണ്ടി ഇടവകകളുടെ അതിർത്തികൾ പുനർനിർണയിക്കുന്നതിനു വൈദിക സമ്മേളനത്തിൽ തീരുമാനമെടുത്തു.

## ചൂഡസന്ദ്ര മാസ് സെന്റർ

കസവനഹള്ളി പള്ളിയുടെ കീഴിൽ സെപ്തംബർ 18 ന് വാഴ്ത്തപ്പെട്ട കാർലോയുടെ നാമധേയത്തിൽ പുതിയ മാസ് സെന്റർ ആരംഭിച്ചു. അഭിവന്ദ്യ പിതാവും ക്യൂരിയ അംഗങ്ങളും വൈദികരും സിസ്റ്റേഴ്സും ധാരാളം ദൈവജനവും തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു.

## മാതൃവേദി ദിനം

രൂപതാ മാതൃവേദി ദിനം ഒക്ടോബർ 1 ന് ധർമ്മാരാം സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ വച്ച് നടന്നു. അഞ്ഞൂറില്പരം അമ്മമാർ യോഗത്തിലും കലാപരിപാടികളിലും പങ്കെടുത്തു.

## കിഡ്സ് കാർണിവൽ

രൂപതാ ഹോളി ചൈൽഡ് ഹുഡ് സംഘടിപ്പിച്ച കിഡ്സ് കാർണിവൽ ഹെബ്ബഗോഡി വ്യാകുല മാതാ ദേവാലയത്തിൽ വച്ച് ഒക്ടോബർ 2 ന് നടന്നു. വിവിധ ഇടവകകളിൽ നിന്നും ധാരാളം കുരുന്നുകൾ ഇതിൽ സംബന്ധിച്ചു.

## Year of Hunger

**Weekly Manna:** Kitchen is preparing food for poor every saturday and sunday

# CHURCH EVENTS

## Parish Rosary Conclusion











**Forane Priest Conference and monthly recollection was held on 5 Oct at St Thomas Forane church Rev Dr Francis Thonippara CMI gave talk on Domus Eclesia**



**Onam  Celebration - St Thomas Youth**



**Onam Celebration Mathruvedhi 2022**



**Mathruvedhi Diocese Thiruvathira Competition 3rd prize**

St. Chavara association ന്റെ നേതൃത്വത്തിൽ നമ്മുടെ മാവേലി 2022 എന്ന പേരിൽ ഒരു മെഗാ Onam Festival Inter-Parish Inter-Ward മത്സരങ്ങളും സ്വാദിഷ്ഠമായ ഓണസദ്യയുമൊക്കെ ആയി സെപ്റ്റംബർ 25 –ാം തിയതി നമ്മുടെ പള്ളിയിൽ വെച്ച് നടത്തുകയുണ്ടായി. മണ്ഡ്യ രൂപതയുടെ കീഴിലുള്ള വിവിധ ഇടവകകളിൽ നിന്നും നമ്മുടെ ഇടവകയിലെ വിവിധ വാർഡുകളിൽ നിന്നും ആയി ഒട്ടനവധി മത്സരാർത്ഥികൾ തിരുവാതിര കളി, ഓണപാട്ട്, പൂക്കളം മത്സരം എന്നിവയിലൂടെ അവരുടെ കഴിവ് തെളിയിച്ചു.. സ്ഥലത്തെ MLAയും ഫൊറോനാ വികാരി അച്ഛനും, മറ്റ് പൊതുപ്രവർത്തകരും, വിവിധ ഇടവകകളിലെ വികാരിമാരും സംഘടനാ ഭാരവാഹികളും അംഗങ്ങളും എല്ലാം പങ്കെടുത്ത പരിപാടി തികച്ചും ഒരു ഉത്സവത്തിന്റെ പ്രതീതി ഉണ്ടാക്കിയെടുത്തു.

















5th STD PTA Meeting



6th STD PTA Meeting



7th STD PTA Meeting



8th STD PTA Meeting



ACC students Christ University visits our Church



Orientation for the Ward Councilors and Association Representatives



St Thomas Forane Church Dharmaram Overall championship
for Forane Bible Kalotsavam

# ETTUNOMBU











Basic Health Check up Camp
St Thomas Medical Forum 11 Sept 2022



Health checkup camp



Onam Celebration SPF



Krupalaya D




Santhome Kinder Teachers Day



Staff onam Celebration

SPF Trip Kengeri






**Day Celebration**





**Mathruvedhi Krupalaya visit**



# ST CHRISTOPHER ASSOCIATION ACTIVITES



St Christopher Association Visiting Krupalaya









Vehicle Blessing




# BLESSING OF EXTENDED SANTHOME BOOK STALL













# LOGOS QUIZ - 2022

LOGOS QUIZ RANK HOLDERS CONGRATULATIONS



Category A
IIIrd Rank
David Santhosh



Category B
Ist Rank
Naina Elizabeth Jose



Category C
Ist Rank
Sr. Blessy SH



Category C
IInd Rank
Sr. Tressa Vincent SH







# St. Thomas Medical Forum.

**"ഞാൻ രോഗിയായിരുന്നു നിങ്ങളെന്നെ ശുശ്രൂഷിച്ചു." (മത്തായി 25:36)**


കോവിഡ് 2019 ന്റെ കാലത്ത് ഇടവകയിലെ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽസ് തുടങ്ങി ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരുടെ ഒരു കൂട്ടായ്മ സെന്റ് തോമസ് മെഡിക്കൽ ഫോറം എന്ന പേരിൽ രൂപംകൊണ്ടു. ഇടവകയിൽ കോവിഡ് രോഗികൾക്ക് ഒത്തിരി സഹായമാവാൻ സാധിച്ചു. രോഗികൾക്കുവേണ്ട മാർഗ്ഗ നിർദ്ദേശം നൽകുക, Hosapitalisation സാദ്ധ്യമാക്കുക, O2, medication എത്തിക്കുക തുടങ്ങി എല്ലാം Parish Covid Cell നോടു ചേർന്നുകൊണ്ട് St. Thomas medical Forum പ്രവർത്തിച്ചു.

കോവിഡിനുശേഷം, ഇടവക ജനങ്ങളുടെ ആരോഗ്യ പരിപാലനരംഗത്തു എല്ലാവിധ സഹായങ്ങളും ചെയ്തുവരുന്നു. കിടപ്പു രോഗികൾക്കുവേണ്ട സൗകര്യങ്ങൾ ചെയ്യുന്നു. മാസം തോറും ആദ്യ ഞായറാഴ്ച Basic Health Check up (Weight, BP, Blood sugar, SP O2) നടത്തി വരുന്നു. കൂടാതെ നവംബർ മാസം മുതൽ Basic Health Check up, ഓരോമാസവും ഏതെങ്കിലും Speciality/Super Speciality check up ചെയ്തുവരുന്നതാണ്. നവംബർ 6 Physiotherapy സേവനം ലഭ്യമാണ് .

Parish MedicalForum സേവനങ്ങൾ കഴിവതും കുടുംബാംഗങ്ങൾ ഉപയോഗപ്രദമാക്കാൻ ശ്രമിക്കുമല്ലോ

President: Mrs. Leelamma George, Vice President: Mr. Joe, Secretary: Mr. Rolly Jacob, Joint Secretary: Mrs. Mily Thomas, Treasurer: Mr. Mathew Joseph, Camp Coordinators: Mrs. Shaly Vincent& Mr. Joji

ഇതു കൂടാതെ നമ്മുടെ കൃപാലയിലേയ്ക്കു മെഡിക്കൽ സംബന്ധമായ വേണ്ട സഹായങ്ങൾ എത്തിക്കുകയും ആഴ്ച തോറും അവരെ സന്ദർശിക്കുകയും ചെയ്യുന്നു. ആരോഗ്യരംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ ഈ സംഘടനയിൽ ചേർന്നു നമ്മളാലാവുന്നിടത്തോളം മറ്റുള്ളവരെ സഹായിക്കാം. ഇപ്പോൾ 50 അംഗങ്ങളുള്ള ഈ സംഘടനയിൽ ചേരുവാനായി എല്ലാ ഞായറാഴ്ച കളിലും 9 മണിയുടെ കുർബ്ബാനയ്ക്കുശേഷം നടക്കുന്ന യോഗത്തിൽ പങ്കെടുക്കാം




**For more details please contact**

Secretary – Mob. 9008336999

Treasurer- Mob, 9845118437

**Susan Biju**



# ഇടവക വാർത്തകൾ

## ഓറിയന്റേഷൻ പ്രോഗ്രാം

വാർഡ് കൗൺസിലേഴ്സിനും സംഘടനാപ്രതിനിധികൾക്കും വേണ്ടിയുള്ള പരിശീലന പ്രോഗ്രാം ആഗസ്റ്റ് 21–ാം തിയതി ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ നടത്തി. റവ. ഡോ ബെന്നി തറക്കുന്നേൽ സി.എം.ഐ. പരിശീലന പ്രോഗ്രാം നയിച്ചു. ഉച്ച ഭക്ഷണത്തോടെ പരിപാടി സമാപിച്ചു.



## സാന്തോം ബുക്ക് സ്റ്റാൾ പുതിയ ഷോറൂം

ഇടവക ദേവാലയത്തിൽ പ്രവർത്തിക്കുന്ന സാന്തോം ബുക്ക് സ്റ്റാളിന്റെ നവീകരിച്ച ഷോറൂം ആഗസ്റ്റ് 21 മുതൽ തുറന്ന് പ്രവർത്തിച്ചു. നിലവിലെ ബുക്ക്സ്റ്റാളിനോട് ചേർന്നുള്ള റൂമിലാണ് പുതിയ ഷോറൂം ഒരുക്കിയിരിക്കുന്നത്.




## വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുനാൾ

August 29–ാം തിയതി വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുനാൾ ഇടവകയിൽ ആചരിച്ചു. വൈകിട്ട് 6 ന് ആഘോഷമായ വി. കുർബാനയും നവനാൾ പ്രാർത്ഥനയും നേർച്ചവിതരണവും ഉണ്ടായിരുന്നു.

## എട്ടുനോമ്പ്

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിനൊരുക്കമായുള്ള 8 നോമ്പാചരണം സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള തീയതികളിൽ ഭക്ത്യാദരപൂർവ്വം നടത്തി. വൈകുന്നേരം 5.30 ന് ജപമാല, തുടർന്ന് എട്ടുനോമ്പ് പ്രാർത്ഥനയും, വിശുദ്ധ കുർബാനയും നേർച്ച വിതരണവും ഉണ്ടായിരുന്നു. ഓരോ ദിവസവും നിശ്ചയിക്കപ്പെട്ട വാർഡുകളും കോൺവെന്റുകളും ജപമാലയ്ക്ക് നേതൃത്വം നൽകി. സെപ്റ്റംബർ 8–ാം തിയതി പരി. മാതാവിന്റെ ജനന തിരുന്നാൾ ദിനം റവ ഫാ. ദേവസ്യാച്ചൻ മുകുളത്ത് സി.എം.ഐ. വിശുദ്ധ കുർബാന അർപ്പിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. തിരുക്കർമ്മങ്ങളിലും, പ്രദക്ഷിണത്തിലും, എട്ടുനോമ്പ് പ്രാർത്ഥനകളിലും നിരവധി വിശ്വാസികൾ പങ്കെടുത്തു.



## ഹെൽത്ത് ചെക്കപ്പ് ക്യാമ്പ്

സെന്റ് തോമസ് മെഡിക്കൽ ഫോറത്തിന്റെ നേതൃത്വത്തിൽ Basic Health check up camp സെപ്റ്റംബർ 11 നും ഒക്ടോബർ 2 നും 7.15 ന്റെയും 9 മണിയുടെയും വിശുദ്ധ കുർബ്ബാനകൾക്കുശേഷം പള്ളിയുടെ മുൻഭാഗത്ത് നടത്തി. എല്ലാ മാസവും അവസാന ഞായറാഴ്ച മെഡിക്കൽ ക്യാമ്പ് നടത്തുന്നതാണ്.

## കൃപാലയ ദിനം

ഇടവകയുടെ അഗതി സ്ഥാപനമായ കൃപാലയയുടെ ബെനഫാക്ടേഴ്സ് ഡേ സെപ്റ്റംബർ 17 ന് നടത്തി. വൈകുന്നേരം 6 മണിക്ക് വിശുദ്ധ കുർബാനയെ തുടർന്ന് സെന്റ് ചാവറ ഹാളിൽ വച്ച് നടന്ന ആഘോഷപരിപാടികളിൽ ധർമ്മാരാം റെക്ടർ ഫാ. പോൾ അച്ചാണ്ടി സി.എം.ഐ., മണ്ഡ്യ രൂപതാ ചാൻസിലർ ഫാ. ജോമോൻ കോലഞ്ചേരി സി.എം.ഐ., കൃപാലയ സ്ഥാപക ഡയറക്ടർ ഫാ. ജോൺ മാരിയൂസ് സി.എം.ഐ., ബി.ടി.എം. നിയോജക മണ്ഡലം എം.എൽ.എ. രാമലിംഗ റെഡ്ഡി, ബി.ബി.എം.പി.കൗൺസിലർ ശ്രീ. ജി. മഞ്ജുനാഥ്, വികാരി, അസി.വികാരിമാർ, ചീഫ് ട്രസ്റ്റി മിസ്റ്റർ ബിജു മാത്യു, ട്രസ്റ്റിമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. കൃപാലയയുടെ നടത്തിപ്പിനായി ആത്മീയമായും ഭൗതികമായും സഹകരിക്കുകയും ചെയ്യുന്ന അൽമായർ, ബഹു. സിസ്റ്റേഴ്സ് തുടങ്ങിയവർ കൃപാലയമക്കളോടൊപ്പം ആഘോഷപരിപാടികളിൽ പങ്കുചേർന്നു. കൃപാലയ സ്ഥാപക ഡയറക്ടർ റവ. ഫാ. ജോൺ മാരിയൂയച്ചനെയും, കൃപാലയയിൽ നിസ്വാർത്ഥമായി സേവനം ചെയ്തുവരുന്നവരെയും ചടങ്ങിൽ ആദരിച്ചു. ഇടവകയിലെ യുവജനസംഘടനയായ സെന്റ് തോമസ് യൂത്തും, മാതൃവേദിയും അസി. ഡയറക്ടർ ഫാ. ലിജോ തേക്കാനത്ത് അച്ചനോടൊപ്പം ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകി. ട്രസ്റ്റി ഇൻ ചാർജ് ശ്രീ. ബിജു എം.കെ ഇതുമായി സഹകരിച്ച എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു.

## പ്രിസൺ മിനിസ്ട്രി

Prison Ministry Sunday യോടനുബന്ധിച്ച് Prison Ministry India യിലെ വോളണ്ടിയേഴ്സ് ജയിലിൽ കഴിയുന്ന സഹോദരങ്ങളെ ശുശ്രൂഷിക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 18–ാം തീയതി ഇടവക സന്ദർശിക്കുകയും, വി.കുർബാനകൾക്കുശേഷം സംഭാവന സ്വീകരിക്കുകയും ചെയ്തു.

## വാഹന വെഞ്ചരിപ്പ്

സെന്റ് ക്രിസ്റ്റഫർ അസോസിയേഷന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 25 –ാം തീയതി ഞായറാഴ്ച വാഹന ആശീർവ്വാദദിനമായി ആചരിച്ചു. എല്ലാ വിശുദ്ധ കുർബാനകൾക്കുശേഷവും അപകടരഹിതയാത്രയ്ക്കുള്ള പ്രത്യേക പ്രാർത്ഥനയും വാഹനവെഞ്ചരിപ്പും നടത്തി.

## ലോഗോസ് ക്വിസ്

സെപ്റ്റംബർ 25 –ാം തീയതി നടന്ന കെ.സി.ബി.സി. യുടെ ലോഗോസ് ക്വിസിൽ ഇടവകയിൽ നിന്ന് നിരവധി പേർ പങ്കെടുത്തു. ഇടവകയിൽ നിന്ന് രജിസ്റ്റർ ചെയ്ത 580 പേർക്ക് ക്രൈസ്റ്റ് സി.ബി.എസ്.സി സ്കൂളിൽ എക്സാം എഴുതുന്നതിനുള്ള സൗകര്യം ഒരുക്കി. സാന്തോം കാറ്റക്കിസം ടീമും ഡയറക്ടർ ഫാ. ലിജോ തേക്കാനത്ത് അച്ചനും എക്സാം നടത്തിപ്പിന് നേതൃത്വം നൽകി.

## നമ്മുടെ മാവേലി 2022

സെന്റ് ചാവറ അസോസിയേഷന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 25–ാം തീയതി നമ്മുടെ മാവേലി 2022 എന്ന പേരിൽ Interparish, Interward മെഗാ ഓണം ഫെസ്റ്റിവൽ സെന്റ് തോമസ് പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് നടത്തി. വാർഡ് തലത്തിൽ ഓണപൂക്കള മത്സരവും പാരീഷ് തലത്തിൽ ഓണപൂക്കളം, തിരുവാതിര കളി, ഓണപാട്ട് മത്സരങ്ങളും ഉണ്ടായിരുന്നു. ഇടവക തലത്തിൽ നടന്ന മത്സരങ്ങളിൽ തിരുവാതിര കളിക്ക് സെന്റ് ജോസഫ് ആൻഡ് ക്ലാരറ്റ്, സാന്തോം പാരിഷ് ഹുളിമാവ്, സെന്റ് ജോസഫ് ടി.സി.പാളയ, സെന്റ് തോമസ് ഫൊറോന ധർമ്മാരാം എന്നീ

പള്ളികൾ യഥാക്രമം ഒന്നും രണ്ടും മൂന്നും നാലും സ്ഥാനങ്ങൾ കരസ്ഥമാക്കി. പൂക്കള മത്സരത്തിൽ ഒന്നാം സമ്മാനം സെന്റ് തോമസ് ഫൊറോന ധർമ്മാരാം, ഹോളി ഫാമിലി ഫൊറോന ഹൊങ്ങസാന്ദ്ര, സെന്റ് തോമസ് ഫൊറോന ധർമ്മാരാം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഓണപാട്ട് മത്സരത്തിൽ സെന്റ് തോമസ് ഫൊറോന ധർമ്മാരാം ഒന്നും രണ്ടും സ്ഥാനങ്ങളും സെന്റ് ചാവറ ഈജിപുര മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വാർഡ് തലത്തിലുള്ള പൂക്കളമത്സരത്തിൽ സേക്രട്ട് ഹാർട്ട് വാർഡ് ജെ.പി.നഗർ, ഹോളിട്രനിറ്റി വാർഡ്, സെന്റ് ഫ്രാൻസിസ് അസ്സീസി വാർഡ്, സെന്റ് ജോസഫ്സ് വാർഡ് ആഡുഗോഡി, സെന്റ് സേവ്യേഴ്സ് വാർഡുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും നാലും അഞ്ചും സ്ഥാനങ്ങൾ കരസ്ഥമാക്കി.

### 2022 സെപ്റ്റംബർ മുതൽ 2 വിശുദ്ധ കുർബാനകൾ കൂടി

സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ പതിവുള്ള വിശുദ്ധ കുർബാനകൾ കൂടാതെ 2022 സെപ്റ്റംബർ മുതൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 7.30 ന് ഇംഗ്ലീഷ് കുർബാനയും, ഞായറാഴ്ചകളിൽ ഉച്ചയ്ക്ക് 12.15 ന് മലയാളം കുർബാനയും ഉണ്ടായിരിക്കുന്നതാണ്.

### സെന്റ് വിൻസെന്റ് ഡി പോളിന്റെ തിരുനാൾ

സെപ്റ്റംബർ 27–ാം തീയതി ചൊവ്വാഴ്ച സെന്റ് വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ആഘോഷിച്ചു. വൈകിട്ട് 6ന് ആഘോഷമായ വി. കുർബാനയും നേർച്ചവിതരണവും ഉണ്ടായിരുന്നു.

### മാതൃസംഗമം

മണ്ഡ്യ രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 1–ാം തിയതി നമ്മുടെ പള്ളിയിൽവച്ച് മാതൃസംഗമം നടത്തി. രാവിലെ 9 ന് ജപമാല പ്രാർത്ഥനയ്ക്കുശേഷം നടന്ന വിശുദ്ധ കുർബ്ബാനയ്ക്ക് ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് മെയിൻ ഹാളിൽ വച്ച് പൊതുസമ്മേളനവും ഉച്ചഭക്ഷണവും വിവിധ കലാപരിപാടികളും അരങ്ങേറി.



### ജപമാല

ഒക്ടോബർ മാസത്തിലെ ജപമാല 7–ാം തീയതി വെള്ളിയാഴ്ച മുതൽ 16–ാം തീയതി ഞായറാഴ്ചവരെ 10 ദിവസം നമ്മുടെ ഇടവകദേവാലയത്തിൽ ആഘോഷമായി നടത്തി. ഓരോ ദിവസവും വൈകുന്നേരത്തെ വി. കുർബാനക്കുശേഷം പ്രത്യേക നിയോഗങ്ങളോടെ നടത്തിയ ജപമാലപ്രാർത്ഥനയ്ക്ക് വിവിധ വാർഡുകളും കോൺവെന്റുകളും നേതൃത്വം നൽകി. വിവിധ വിഷയങ്ങളെ ആസ്പദമക്കി കാർമ്മികർ വചന സന്ദേശം നൽകി. 16–ാം തീയതി വൈകുന്നേരം വിശുദ്ധ കുർബാനയ്ക്കുശേഷം ഡി. വി. കെ. റിസെർച്ച് സെന്ററിലേക്ക് ആഘോഷമായ ജപമാലപ്രദക്ഷിണവും, ഫാ. ജെയിംസ് മഠത്തിൽച്ചിറ സി.എം.ഐ. തിരുവചന സന്ദേശവും ഉണ്ടായിരുന്നു.

### ഫൊറോനാ ബൈബിൾ കലോത്സവം

ധർമ്മാരാം സെന്റ് തോമസ് ഫൊറോനയിൽ ബൈബിൾ കലോത്സവം ഒക്ടോബർ 8, 9 തീയതികളിൽ നടത്തി.

### ഏയ്ഞ്ചൽസ് മീറ്റ് – 2022

ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കായുള്ള 'Angels Meet' കോവിഡ് ഇടവേളയ്ക്കുശേഷം ആഗസ്റ്റ് 28 ന് രാവിലെ 9 മണി മുതൽ രൂപതയുടെ നേതൃത്വത്തിൽ ക്രൈസ്റ്റ് ഐ.സി. എസ്.സി. സ്കൂളിൽ വച്ച് നടത്തി. വിവിധ ഇടവകകളിൽനിന്ന് 300 ഓളം കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കുചേർന്നു.

## കൃപാലയ ശുശ്രൂഷ

2022 ആഗസ്റ്റ് മാസം മുതൽ ഓരോ വാർഡുകാരും, സംഘടനകളും കൃപാലയയിൽ ശുശ്രൂഷ ചെയ്തുവരുന്നു. ഓരോ മാസവും കൃപാലയയിൽ ശുശ്രൂഷ ചെയ്യുന്ന വാർഡുകളുടെയും, സംഘടനകയുടെയും ലിസ്റ്റ് താഴെ ചേർക്കുന്നു.

# Krupalaya Service 2022 Schedule

| Month | Ward / Associations |
|---|---|
| **August** | Holy Trinity Ward, St Jude Ward – BTM & CML, Catechism |
| **September (Krupalaya Month)** | St Alphonsa Ward, St Joseph's Ward, Lakkasandra & St Thomas Youth |
| **October** | St Thomas Ward, Don Bosco Ward, Madiwala & St Christopher Association |
| **November** | St Xavier's Ward & St Chavara Association |
| **December** | St Paul's Ward, Chikkadugodi & St Johns Ward |
| **January** | St Mary's Ward, Thavarakere & Infant Jesus' Ward, Jayanagar |
| **February** | Holy Family Ward & Sacred Heart Ward, J. P. Nagar |
| **March** | St Sebastian's Ward, St George's Ward – Wilson Garden & Santhome Choir |
| **April** | St Mariam Thresia Ward & St Joseph's Ward – Adugodi & Altar Boys |
| **May** | St Francis Assisi Ward, St Vincent De Paul Society & Senior Citizen Forum |
| **June** | St Chavara Ward, Maruthinagar & Legion of MaryMathruvedi |
| **July** | Santhome Professional ForumPithruvedi |

**NB:** (1) You can go and have interaction (Prayer, Sharing Food, Cleaning etc.) with Krupalaya inmates

(2) You can share your important events like Birthdays, Baptism, H.Communion, Marriage, Wedding Anniversaries, Death remembrance etc with Krupalaya inmates

(3) Nurses, Doctors and other health workers can assist them in their medical needs

(4) You can support them by your generous contributions

## സാന്തോം സൗഹാർദ്ദ ക്രെഡിറ്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ്

സാന്തോം സൗഹാർദ്ദ ക്രെഡിറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 2021 – 22 ലെ പൊതുയോഗം സെപ്റ്റംബർ 4–ാം തിയതി ഞായറാഴ്ച 10.30 ന് സെന്റ് ചാവറ ഹാളിൽവച്ച് നടത്തി

## ഓണാഘോഷം

മലയാളികൾ ഒത്തൊരുമയോടെ ആഘോഷിച്ചു വരുന്ന ഓണം ഇടവകയിൽ സെപ്റ്റംബർ 4 ന് 'ഓണക്കാഹളം' എന്ന പേരിൽ ഉറിയടി മത്സരത്തോടെ സമാരംഭം കുറിച്ചു. വിവിധ വാർഡുകളും സംഘടനകളും വിവിധ പരിപാടികളോടെ ഓണം ആഘോഷമാക്കി. സെന്റ് തോമസ് യൂത്ത് അംഗങ്ങൾ ഓണനാളിൽ ദേവാലയത്തിനുമുന്നിൽ അതിമനോഹരമായ പൂക്കളം ഒരുക്കി. മാതൃവേദിയുടെ ഓണാഘോഷം സെപ്റ്റംബർ 3–ാം തിയതി ശനിയാഴ്ച മിനി ഹാളിൽവച്ച് വിവിധ പരിപാടികളോടെ നടത്തി. സാന്തോം പ്രൊഫഷണൽ ഫോറത്തിന്റെ ഓണാഘോഷം സെപ്റ്റംബർ 4–ാം തിയതി ഞായറാഴ്ച ഡി. വി. കെ. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് നടത്തി. സെന്റ് തോമസ് യൂത്ത് സെപ്റ്റംബർ 11 ന് റൂഫ് ടോപ്പ് ഹാളിൽവച്ച് ഓണാഘോഷം നടത്തി. കാറ്റക്കിസം സ്റ്റാഫ് സെപ്റ്റംബർ 18 നും സെന്റ് തോമസ് ഓഫീസ് സ്റ്റാഫ് സെപ്റ്റംബർ 24 നും വിവിധ പരിപാടികളോടെ ഓണം ആഘോഷിച്ചു. മണ്ഡ്യ രൂപത മാതൃവേദി സംഘടിപ്പിച്ച തിരുവാതിര മത്സരത്തിൽ നമ്മുടെ അമ്മമാർ മൂന്നാം സ്ഥാനം കരസ്ഥമാക്കി. എല്ലാ അമ്മമാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ!

## കാറ്റക്കിസം

കാറ്റക്കിസം യൂണിറ്റ് ടെസ്റ്റും അനിമേഷൻ വിസിറ്റും സെപ്റ്റംബർ 18 ന് നടന്നു. ഓരോ ക്ലാസ്സുകളുടെയും പി.ടി.എ. മീറ്റിംഗുകൾ ഒരോ ഞായറാഴ്ചകളിലുമായി നടന്നുവരുന്നു.

## വി. കൊച്ചുത്രേസ്യായുടെ തിരുനാൾ

ഒക്ടോബർ 1, ശനിയാഴ്ച, മിഷനറിമദ്ധ്യസ്ഥ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ച്. വൈകിട്ട് 6ന് ആഘോഷമായ വി. കുർബ്ബാന ഉണ്ടായിരുന്നു.

## ആദ്യകുർബാന–സ്ഥൈര്യലേപന ക്ലാസ്സുകൾ

2023 ജനുവരി 8 ന് നടക്കുന്ന ആദ്യകുർബാന–സ്ഥൈര്യലേപന സ്വീകരണത്തിന്റെ ക്ലാസ്സുകൾ ഒക്ടോബർ 29–ാം തീയതി ആരംഭിക്കുന്നു.

## മലയാളം മിഷൻ യൂണിറ്റ്

നമ്മുടെ കുട്ടികളിൽ മലയാളഭാഷാപഠനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഗവൺമെന്റ് മലയാളം മിഷൻ ക്ലാസ്സ് കോവിഡ് ഇടവേളയ്ക്കുശേഷം ഓക്ടോബർ 16–ാം തിയതി പുനരാരംഭിക്കുന്നു. ഞായറാഴ്ചകളിൽ 11 മണിയുടെ വി.കുർബാനയ്ക്കുശേഷം മലയാളം ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.

## Parish Membership & Youth Identity Card

It is obligatory for Syro-Malabar members who have been staying here for more than 6 months should enlist their names in the respective Syro-Malabar Churches near their place of residence. Especially, the youth should obtain a youth identity card, participate in youth meetings and should take signature of the Director. This will be extremely necessary for issuing any certificates. To obtain a Free State Certificate for marriage, youth identity card is a must and this certificate will be issued only 3 months after obtaining the youth identity card.

# Upcoming Events

| | |
|---|---|
| October 17 – 31 | Rosary in Wards |
| Oct 22 – 25 | YUVACHANOTSAVA 2022 KRCBC Youth Convention (@ Christ CBSE School) |
| Oct. 23 Sun | Mission Sunday – Mega Lelam, Food Stall etc.., CML Mission Rally |
| | Mission Sunday celebration by Catechism Students |
| Oct. 29 Sat | Classes begin for 1st H.Comm. & Conf. students |
| Nov. 1 Tue | Feast of All Saints<br>Mandya Diocese Pithruvedhi Dhinam |
| Nov. 2 Wed | Feast of All Souls – Procession, Opis, Nercha, Visit to Cemetery |
| Nov. 6 Sun | General body Meeting (in preparation for the Parish Feast) |
| Nov 20 Sun | Bible Kalolsavam, Eparchy of Mandya @ St Thomas Forane, Jalahalli |
| Nov. 6 Sun | 1st Sem Exam Catechism |
| Nov. 26, 27 | MORIAH MEET'22- Parish Youth Retreat |

## Advertisement in Santhome Messenger

അടുത്ത സാന്തോം മെസഞ്ചറിൽ പരസ്യങ്ങൾ നൽകാൻ താത്പര്യം ഉള്ളവരും; ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമ വാർഷികം തുടങ്ങിയവയുടെ ഫോട്ടോ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരും നവംബർ 25നകം ഇടവക ഓഫീസിൽ ഏൽപിക്കുക.

Parishioners have the opportunity to include Photos of Birthdays, Marriage, Wedding Anniversary, Death Remembrance, Advertisements etc. for the next Santhome Messenger. Submit the matters in the office before 25th of November.

## Vachanolsavam Thanksgiving Adoration

St. Thomas Forane Youth bagged the Overall title in Vachanolsavam 2022, a priceless moment indeed! Every participant and volunteer gathered together to thank the Lord through Adoration. Our trustees not only greeted us but also treated us to a good dinner.



## Krupalaya Day

Krupalaya day was celebrated on the 17th of September. The STY members visited the inmates in the morning and had a great time singing and dancing with them. In the evening, Holy Mass was followed by a lively celebration with the founder of St. Chavara Krupalaya, Fr. John Marius. The youth performed a dance to engage the audience and interacted with the inmates through games.





## Xposantse



Xposantse, the annual Onam fest conducted by the youth of St. Sebastian's Church, Anapalaya, was held on 18 September,with competitions like Football (for boys), Painting, Pookalam and Thiruvadhira. Our youth members bagged the 3rd place in Pookalam competition.

Our youth members participated in the Santhome Cup, a football competition conducted by the youth of Santhome Church Jalahalli, on the 25th of September 2022.

## Onam Celebrations

The whole month of September was dedicated for Onam. We started off with Mathruvedhi Onam program where the youth helped with decorations and the Pookalam. We had Onakahalam, an Uriyadi competition, which was conducted in church and participated in the same with great vigor.




## Namma Pononam

This was a Mega Onam celebration for the Youth members of St Thomas Forane Church on 11 September, with everyone in Onam attire. Starting off with formal functions with our Vicar and Trustees, the Vachanolsavam winners were felicitated as well. Onapatt, Thiruvadhira, group dance by the youth, Vadamvalli and lots of games were held. The Onam Sadhya was enjoyed by everyone. Youth from St. Thomas Forane Church participated in the Inter Church Pookalam competition and won the 3rd place for the same.

## Hallelujah

Mount Carmel Church Carmelram hosted their annual Gospel Songs competition Hallelujah 3.0. Our STY members won for the following events:

Psalmists - II$^{nd}$ Place; Unplugged - III$^{rd}$ Place

Group Instrumental - III$^{rd}$ Place; Acapella - III$^{rd}$ Place

## Rosary conclusion

This was celebrated on the 16th of October with Holy Mass at 6pm followed by Rosary and Procession around the church. The chariot of Mother Mary was taken up by the Youth members during this procession.



# CATECHISM CORNER












**Catechism Teachers Day**






**Online Rosary by Catechism students**













**Animation visit**



**Catechism Staff Onam Celebration**



**CML Prayer meeting on Saturdays**

## 4th Death Anniversary

**29 SEPTEMBER 2022**



**K L THOMAS**

Family Members

---

സ്വർഗ്ഗീയ ഭവനത്തിൽ 8-ാം പിറന്നാൾ
ആഘോഷിക്കുന്ന ഞങ്ങളുടെ പൊന്നുമോൻ
അനീഷിന് ആയിരമായിരം
പ്രാർത്ഥനാശംസകൾ നേർന്നുകൊണ്ട്



## ANEESH VARGHESE

**25-11-1987 - 27-09-2014**

Pappa, Mummy, Saly, Anu,
Mariyam and Ginoy

"I had heard of you by the hearing of the ear,
But now my eyes sees you" (Job 42: 5)





SMYM St Thomas Youth
MORIAH MEET '22
EPITOME OF FAITH
Youth Retreat
"GO TO THE LAND OF MORIAH, AND OFFER HIM THERE"
GENESIS 22:2
NOVEMBER 26: 2 PM - 8 PM
NOVEMBER 27: 8 AM - 8 PM
BLESSINGS
LED BY
Mar Sebastian Adayantharath
Bishop, Diocese of Mandya
Rev Fr Jinu Pallipatt
Retreat Preacher
St Thomas Diocesan Pilgrim Centre
ST THOMAS FORANE CHURCH, DHARMARAM
Contact
7411946141 | 7259909019
8867692281 | 6362599652
Register Now
SMYM
MANDYA
STY
Santhome
Professionals Forum



SUGUNA FOODS
STRENGTH TO YOUR FAMILY
Delfrez®
Great taste. Delightfully fresh.
FRESH CHICKEN.
Freshness Sealed.
Vacuum Packed.
Delfrez
Fresh Chilled
VACUUM PACKED • FRESHNESS SEALED
FARM TO FORK
100% FRESH & PREMIUM MEAT
CUSTOMIZED CUTS
100+ QUALITY CHECKS
For Free Home Delivery Call +91 90367 49495
Site No. 29, 7th Cross, Bhavani Layout, Opp. St. Thomas Forane Chruch,
Sudduguntepalya, Bangalore - 560 029
Landmark: Near Chandrodaya Convention Center
delfrez.com
fssai
FSSC 22000
35+ Years of Trust
280+ Stores across India


Alice
GOLD DIAMONDS PLATINUM
Buy a Beautiful Future!
Big Discounts at Store
You Inspire
You Nurture
You Lead
CHETTUPUZHA GROUP SINCE 1914
FOUNDER JOSEPH PAUL
Instagram
Bangalore:
#50 Dispensary Road
#218/1 Kammanahalli
#15/1 Dickenson Road